## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2271 23/01/2014- ൽ മറുപടിക്ക്

# കാസർഗോഡ് ജില്ലയിൽ വൈദ്യുതിഭവൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) കേരള സംസ്ഥാന വൈദ്യുതി ബോർഡിന് സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിലാണ് വൈദ്യുതിഭവൻ ഉള്ളതെന്ന് അറിയിക്കാമോ; | (എ) വയനാട്, കാസർഗോഡ് ജില്ലകൾ ഒഴികെ എല്ലാ ജില്ലകളിലും വൈദ്യുതി ഭവൻ ഉണ്ട്. |
| (ബി) കാസർഗോഡ് ജില്ലയിൽ വൈദ്യുതിഭവൻ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (ബി) കാസർഗോഡ് ജില്ലയിൽ ഒരു മിനി വൈദ്യുതി ഭവൻ സ്ഥാപിക്കുന്നതിനുള്ള സാധ്യതകളെ സംബന്ധിച്ച് പരിശോധിച്ച് വരുകയാണ്. |
| (സി) കാസർഗോഡ് ജില്ലയിൽ കെ. എസ്.ഇ.ബി.ക്ക് എവിടെയെല്ലാം എത്ര സ്ഥലം വീതമാണുള്ളതെന്ന് അറിയിക്കാമോ; | (സി) പ്രസരണ മേഖലയിൽ കാസർഗോഡ് ജില്ലയിൽ 4673.778 ആർ (46.73778 ഹെക്ടർ) സ്ഥലം ഉണ്ട്. വിതരണ വിഭാഗത്തിന്റെ പരിധിയിൽ കാഞ്ഞങ്ങാട് ഇലക്ട്രിക്കൽ സബ് ഡിവിഷൻ/ സെക്ഷൻ ഓഫീസുകൾ സ്ഥിതി ചെയ്യുന്ന 51 സെന്റ് സ്ഥലം സ്വന്തമായി ഉണ്ട്. |
| (ഡി) കാസർഗോഡ് ജില്ലയിൽ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന എത്ര സെക്ഷൻ ഓഫീസുകളാണ് ഉള്ളത്; | (ഡി) 29 സെക്ഷൻ ഓഫീസുകൾ . |

(ഇ) കെ.എസ്.ഇ.ബി.ക്ക് സ്വന്തമായിട്ടുളള സ്ഥലങ്ങളിൽ ഓഫീസ് കെട്ടിടം നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ?

(ഇ) കെ.എസ്.ഇ.ബി-ക്ക് സ്വന്തമായിട്ടുള്ള സ്ഥലങ്ങളിൽ ഓഫീസ് കെട്ടിടം നിർമ്മിക്കാനുള്ള സാധ്യതകളെ സംബന്ധിച്ച് പരിശോധിച്ച് വരുന്നു.

സെക്ഷൻ ഓഫീസർ